4661
4/3/17

# കേരള സർക്കാർ

## സംഗ്രഹം

ജലവിഭവ വകുപ്പ് - ജലസേചന വകുപ്പ് - കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് പുറത്തുള്ള ഡ്രെയിനേജ്-16 ചെറു തോടുകളുടെ നിർമ്മാണം - രണ്ടു തോടുകളുടെ പുനരുദ്ധാരണം, - ഭരണാനുമതി നൽകിയും പ്രവൃത്തികൾ അവാർഡ് ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജലവിഭവ (എം.ഐ) വകുപ്പ്

സ. ഉ (കൈ) നം.13/2017/ജവിവ തീയതി, തിരുവനന്തപുരം 25.02.2017

---

പരാമർശം ; 1. 02/02/2017 ൽ ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനുട്ട്സ്

2. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 07.02.2017 തീയതിയിലെ ഡബ്ല്യു6/10008/2015/എം. നമ്പർ കത്ത്

## ഉത്തരവ്

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് പുറത്തുള്ള ഡ്രെയിനേജുകളുടെ നിർമ്മാണം, ഫീഡർ റോഡുകളുടെ നിർമ്മാണം, കാറ്റഗറി 1,ലൈറ്റിംഗിനുള്ള സ്ഥലമെടുപ്പ് എന്നീ വിഷയങ്ങൾ സംബന്ധിച്ച് ഒന്നാം പരാമർശിത യോഗ തീരുമാനപ്രകാരം, 16 ചെറുതോടുകളുടെ നിർമ്മാണത്തിനും 2 തോടുകളുടെ പുനരുദ്ധാരണത്തിനുമായി 49.59 കോടി രൂപയ്ക്ക് ചീഫ് എഞ്ചിനീയർ(ജലസേചനവും ഭരണവും) എസ്റ്റിമേറ്റ് തയ്യാറാക്കി രണ്ടാം പരാമർശിത കത്ത് പ്രകാരം ഭരണാനുമതിയ്ക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പറഞ്ഞ പ്രവൃത്തികളിൽ 16 തോടുകളുടെ നിർമ്മാണത്തിനായി 18.09 കോടി രൂപയും (പതിനെട്ടു കോടി ഒമ്പതു ലക്ഷം രൂപ മാത്രം) മറ്റു രണ്ടു വലിയ തോടുകളായ കാരാത്തോട്, കോത്തേരിതോട് എന്നിവയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി അവയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും, സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുമായി 31.50 കോടി രൂപയും (മുപ്പത്തിയൊന്ന് കോടി അൻപതു ലക്ഷം രൂപ മാത്രം) താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഭരണാനുമതി നല്കി ഉത്തരവാകുന്നു.

(1) അടുത്ത മൺസൂണിനു മുമ്പായി പണി പൂർത്തിയാക്കിയിരിക്കണം എന്ന വ്യവസ്ഥയിൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നേരിട്ട് അവാർഡ് ചെയ്യേണ്ടതാണ്.

(2) പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായ തുക സർക്കാരിൽ നിന്നും തിരിച്ച് കിട്ടുന്ന വ്യവസ്ഥയിൽ കണ്ണൂർ വിമാനത്താവള കമ്പനി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് ലഭ്യമാക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ടിങ്കു ബിസ്വാൾ**
**സെക്രട്ടറി**

1. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, കണ്ണൂർ ഇന്റർ നാഷണൽ എയർപോർട്ട് ലിമിറ്റഡ്
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്) കേരളം, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (397659/I&PWA1/2017-Fin തീയതി 21.02.2017)
5. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.753 OA)
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പിന്
7. റവന്യൂ / ഗതാഗത (ഏവിയേഷൻ വകുപ്പ്)
8. കരുതൽ ഫയൽ /ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

E-1241196

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 22-02-2017.**

COASTAL SHIPPING AND INLAND NAVIGATION DEPT.
23 FEB 2017
GOVT. SECRETARIAT
THIRUVANANTHAPURAM-695 001

ഇനം നം: 753
O.A.

വിഷയം : ജലവിഭവ വകുപ്പ് - കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് പുറത്തുള്ള ഡ്രെയിനേജ് - 16 ചെറുതോടുകളുടെ നിർമ്മാണം, 2 തോടുകളുടെ പുനരുദ്ധാരണം - ഭരണാനുമതി നൽകുന്നതും പ്രവർത്തികൾ അവാർഡ് ചെയ്യുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

WATER RESOURCES (OS) DEPARTMENT
23 FEB 2017
GOVT. SECRETARIAT, TVPM-695 001.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, ഗതാഗത (ഏവിയേഷൻ) വകുപ്പ്.

## മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് പുറത്തുള്ള ഡ്രെയിനേജുകളുടെ നിർമ്മാണം, ഫീഡർ റോഡുകളുടെ നിർമ്മാണം(കാറ്റഗറി 1), ലൈറ്റിംഗിനുള്ള സ്ഥലമെടുപ്പ് എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 02/02/2017 ൽ ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ 1 ാം നമ്പർ തീരുമാനപ്രകാരം, 16 ചെറുതോടുകളുടെ നിർമ്മാണത്തിനും 2 തോടുകളുടെ പുനരുദ്ധാരണത്തിനുമായി 49.59 കോടി രൂപയുടെ ചീഫ് എഞ്ചിനീയർ(ജലസേചനവും ഭരണവും) എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി സർക്കാരിൽ സമർപ്പിച്ചിരിക്കുന്നു. ചെറിയ തോടുകൾക്കായി 18.09 കോടി രൂപയുടെയും 2 വലിയ തോടുകൾക്ക് 31.50 കോടി രൂപയുടെയും എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്.

യോഗതീരുമാനപ്രകാരം ഈ തോടുകളുടെ നിർമ്മാണ/ പുനരുദ്ധാരണപ്രവൃത്തികൾക്ക് ആവശ്യമായ തുക കണ്ണൂർ വിമാനത്താവള കമ്പനി താൽക്കാലികമായി നൽകുന്നതായിരിക്കും. പിന്നീട്, സർക്കാർ പ്രസ്തുത തുക തിരിച്ചു നൽകേണ്ടതാണ്. മേൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികൾ യോഗതീരുമാനപ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നേരിട്ട് അവാർഡ് ചെയ്യാവുന്നതാണ്. 49.59 കോടി രൂപയുടെ പ്രവൃത്തിയായതു കൊണ്ടും സർക്കാർ കണ്ണൂർ എയർപോർട്ട് അതോറിറ്റിക്ക് അവസാനം പണം നല്കേണ്ടതുണ്ട് എന്ന വ്യവസ്ഥയുള്ളതു കൊണ്ടും ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കായി ഫയൽ അയച്ചപ്പോൾ ധനകാര്യവകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

'Finance' agrees to provide additional fund for the purpose. AD shall place necessary proposal before the Council of Ministers for approval.

This has the approval of Hon'ble Chief Minister and Hon'ble Minister (Fin).

<u>തീരുമാനിക്കേണ്ട വിഷയം</u>

1) മേൽ പറഞ്ഞ പ്രവൃത്തികളിൽ 16 തോടുകളുടെ നിർമ്മാണത്തിനായി 18.09 കോടി രൂപയ്ക്ക് ഭരണാനുമതി നൽകാമോ;

2) മറ്റു രണ്ടു വലിയ തോടുകളായ കാരാത്തോട്, കോത്തേരിതോട് എന്നിവയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും, സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുമായി 31.50 കോടി രൂപയുടെ ഭരണാനുമതി നൽകാമോ;

3) അടുത്ത മൺസൂണിനു മുമ്പായി പണി പൂർത്തിയാക്കിയിരിക്കണം എന്ന വ്യവസ്ഥയിൽ മേൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നേരിട്ട് അവാർഡ് ചെയ്യാമോ;

4) പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായ തുക സർക്കാരിൽ നിന്നും തിരിച്ചു കിട്ടുന്ന വ്യവസ്ഥയിൽ, കണ്ണൂർ വിമാനത്താവള കമ്പനി, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്യാമോ?